**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5493** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവർ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടി രിക്കുന്നവർ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ മനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പരിശോധനകളും ആയതിൻപ്രകാരം തുടർനട പടികളും സ്വീകരിച്ചുവരുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് ഒട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 1,13,310 പരിശോധനകൾ നടത്തുകയും 58,665 സാമ്പിളുകൾ (സർവ്വയിലൻസ് സാമ്പിളുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ഉൾപ്പെടെ) ശേഖരി ക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 2543 സാമ്പിളുകൾ Unsafe ആയും, 1867 സാമ്പിളുകൾ Substandard ആയും 1036 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭിച്ച 701 സാമ്പിളുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ Substandard/Misbranded ആയി പരിശോധനാ ഫലം ലഭിച്ച 1787 സാമ്പിളുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഫയൽ ചെയ്ത പ്രോസിക്യൂഷൻ കേസുകളിൽ 8 എണ്ണം തീർപ്പായിട്ടുള്ളതും 3 കേസുകളിലായി 3,68,000/- രൂപ പിഴ വിധിക്കുകയും ഒരു കേസിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. അഡ്ജ്യൂഡി ക്കേഷൻ കേസുകളിൽ 659 കേസുകൾ തീർപ്പാക്കുകയും 2,25,49,800/- രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭക്ഷ്യവസ്തുക്കളിൽ ഹാനികരമായ രാസവസ്തുക്കൾ കലർത്തൽ, മായം ചേർക്കൽ എന്നിവ തടഞ്ഞ് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് ഭക്ഷ്യസുരക്ഷ വിഭാഗം നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ഭക്ഷ്യ വസ്തുക്കളിൽ ഹാനികരമായ രാസവസ്തുക്കൾ കലർത്തൽ, മായം ചേർക്കൽ എന്നിവ തടഞ്ഞ് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വിഭാഗം സംസ്ഥാനത്തൊട്ടാകെ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷ വേളകളിലും, ശബരിമല മണ്ഡല / മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭ ങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയായ 'ഓപ്പറേഷൻ സാഗർ റാണി' വിജയകരമായി നടപ്പിലാക്കി വരുന്നു. 'ഓപ്പറേഷൻ പനേല' എന്ന പേരിൽസംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യ യോഗ്യമായ പ്രസാദങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന തിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നടപ്പിലാക്കിയ പദ്ധതിയായ BHOG (Blissfull Hygienic Offering to God) സംസ്ഥാനത്തും നടപ്പിലാക്കിവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ മെസ്സുകൾ, ക്യാന്റീനുകൾ, കഫറ്റേരിയകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുചിത്വ മാനദണ്ഡങ്ങളും |

| | | | |
|---|---|---|---|
| | | | ഭൗതിക സാഹചര്യങ്ങളും പരിശോധിക്കുന്നതിനും ഏർപ്പെടുത്തിയ പദ്ധതി യാണ് 'Operation FISH' (Food Inspection at Student's Hostel) 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, വകുപ്പ് 16(3)h പ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ, സംരംഭകരോ ആയവർക്ക് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർശിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി ആവിഷികരിച്ച പദ്ധതിയാണ് FoSTaC (Food Safety Training and Certification). സംസ്ഥാനത്ത് അടിയന്തിര സാഹചര്യങ്ങളിൽ ഭക്ഷ്യ സുരക്ഷാ പ്രവർത്തനം നടത്തുന്നതിനുവേണ്ടി 24 മണിയ്ക്കൂറും പ്രവർത്തന സജ്ജമായ Quick Respose Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പൊതുജന ങ്ങളുടെ പരാതി നേരിട്ട് സ്വീകരിച്ച് പരിഹരിക്കുന്നതിനായി 24X7 പ്രവർത്തിക്കുന്ന 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഗവൺമെന്റ് കോൺടാക്ട് സെന്റർ മുഖേന പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭക ർക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷനിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു. |
| (സി) | ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനം ശക്തവും സജീവവുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിലും പൊതുജനങ്ങളിൽ നിന്നും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് ഉടനടി പരിഹാരം കാണുന്നതിനും വേണ്ടി 24 മണിയ്ക്കൂറും പ്രവർത്തന സജ്ജമായ Quick Respose Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പൊതുജന ങ്ങളുടെ പരാതി നേരിട്ട് സ്വീകരിച്ച് പരിഹരിക്കുന്നതിനായി 24X7 പ്രവർത്തിക്കുന്ന 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഗവൺമെന്റ് കോൺടാക്ട് സെന്റർ മുഖേന പ്രവർത്തിച്ചു വരുന്നു. ചെക്ക് പോസ്റ്റുകൾ, പ്രധാന മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പാൽ, മത്സ്യം എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്ഷീര വികസനം, ഫിഷറീസ് വകുപ്പുകളുമായി സഹകരിച്ച് പരിശോധനകൾ നടത്തി വരുന്നു. പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | കർഷകർക്ക് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നു. ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം ശക്തവും സജീവവുമാക്കുന്നതിന് ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെയുൾപ്പെടെയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ